## കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം

എഫ്1 -10443/17 തീയതി- 15 /06/2017

### സർക്കുലർ നമ്പർ- 12/2017-18 തീയതി- 15 .06.2017

വിഷയം- ബോർഡിലേയും ബോർഡിന്റെ കീഴിലുള്ള കമ്മിറ്റി/സബ് ഓഫീസുകളിലേയും ജീവനക്കാരുടെ യാത്രാബത്ത പരിധി പുനർ നിശ്ചയിക്കുന്നത് സംബന്ധിച്ച്

സൂചന- 1) ജി.ഒ.(പി) നം.07/2016/ഫിൻ തീയതി 20.01.2016

2) ജി.ഒ.(പി)നം.137/2016/ഫിൻ തീയതി 09.09.2016

3) കേരള ചുമട്ടു തൊഴിലാളി നിയമം ചട്ടം 15 (സി)

4)ചീഫ് എക്സിക്യൂട്ടീവിന്റെ 15.06.2017 തീയതിയിലെ എഫ്1-10443/17 നമ്പർ ഉത്തരവ്

സൂചന (1) പ്രകാരമുള്ള പത്താം ശമ്പള പരിഷ്കരണം കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിലും നടപ്പാക്കിയിട്ടുള്ള സാഹചര്യത്തിൽ സൂചന (2) പ്രകാരമുള്ള പരിഷ്കരിച്ച യാത്രാബത്ത സൂചന (3) പ്രകാരം ചീഫ് എക്സിക്യൂട്ടീവിന് ഗവൺമെന്റിന്റെ ജനറൽ ഓർഡേഴ്സിന് അനുസൃതമായി ബോർഡിലും യാത്രാബത്ത പരിധി പുനർ നിശ്ചയിക്കാവുന്നതാണ്.

ഈ സാഹചര്യത്തിൽ ബോർഡിലും, ബോർഡിന്റെ കീഴിലുള്ള കമ്മിറ്റി ഓഫീസുകളിലും സബ് ഓഫീസുകളിലും സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരുടെ പ്രതിമാസ/ത്രൈമാസ യാത്രാബത്ത പരിധി താഴെപറയും വിധം പുനർ നിർണ്ണയം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

| യാത്രാബത്ത പരിധി | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ഗ്രേഡ് I | | | | ഗ്രേഡ് II (a) | | | | ഗ്രേഡ് II (b) | | | |
| | അടിസ്ഥാന ശമ്പളം 50400/- രൂപയും അതിൽ കൂടുതലും | | | | അടിസ്ഥാന ശമ്പളം 42500/- രൂപയും അതിൽ കൂടുതലുംഎന്നാൽ 50400/- രൂപയിൽ താഴെ | | | | അടിസ്ഥാന ശമ്പളം 27800/- രൂപയും അതിൽ കൂടുതലും എന്നാൽ 42500/- രൂപയിൽ താഴെ | | | |
| | പ്രതിമാസ പരിധി | | ത്രൈമാസ പരിധി | | പ്രതിമാസ പരിധി | | ത്രൈമാസ പരിധി | | പ്രതിമാസ പരിധി | | ത്രൈമാസ പരിധി | |
| | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് |
| ഒരു ജില്ലയുടെ മാത്രം ചുമതലയുള്ള ഉദ്യോഗസ്ഥർ | 1820 | 2550 | 5460 | 7650 | 1470 | 2060 | 4410 | 6180 | 1050 | 1470 | 3150 | 4410 |
| ഒന്നിൽ കൂടുതൽ ജില്ലയുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ | 2520 | 3530 | 7560 | 10590 | 2100 | 2940 | 6300 | 8820 | 1680 | 2360 | 5040 | 7080 |
| സംസ്ഥാന തലത്തിലുള്ള ഉദ്യോഗസ്ഥർ | 3500 | 4900 | 10500 | 14700 | 2450 | 3430 | 7350 | 10290 | 1820 | 2550 | 5460 | 7650 |

1) പ്രതിമാസ പരിധിയിൽ 20% വരെ വർദ്ധനവ് ആകാമെങ്കിലും ഈ വർദ്ധനവ് ത്രൈമാസ പരിധിയിൽ അധികരിക്കാൻ പാടില്ലാത്തതാണ്.

2) ഗ്രേഡ് III (അടിസ്ഥാന ശമ്പളം 18000/- രൂപയിൽ മുകളിൽ എന്നാൽ 27800/- രൂപയിൽ താഴെ), ഗ്രേഡ് *IV* (അടിസ്ഥാന ശമ്പളം 18000/- രൂപയിൽ താഴെ) എന്നീ കാറ്റഗറിയിൽപ്പെട്ട ജീവനക്കാരുടെ യാത്രാബത്ത പരിധി അധികാര പരിധി അനുസരിച്ച് ഗ്രേഡ് II (b) യാത്രാബത്ത പരിധിയിൽ അധികരിക്കാൻ പാടില്ലാത്തതാണ്.

3) തങ്ങളുടെ അധികാര പരിധിയ്ക്ക് പുറത്ത് ഉദ്യോഗസ്ഥർ ഔദ്യോഗിക ആവശ്യങ്ങൾക്ക് സഞ്ചരിക്കുമ്പോൾ മേൽ പട്ടിക പ്രകാരം ഏത് പരിധിയിലാണോ യാത്രാ അതനുസരിച്ച് ഗ്രേഡിനു തുല്യമായി യാത്രാബത്ത അനുവദിക്കാവുന്നതാണ്.

4) ഔദ്യോഗിക വാഹനത്തിൽ യാത്രചെയ്യുന്ന ഉദ്യോഗസ്ഥരുടെ യാത്രാബത്ത, ഹാൾട്ട്, ഇൻസിഡന്റൽ ചെലവ്, റെയിൽ യാത്ര എന്നിവ, ബാധകമായ ഗ്രേഡനുസരിച്ച് പ്രതിമാസ /ത്രൈമാസ യാത്രാബത്ത പരിധി 50% ത്തിൽ അധികരിക്കാൻ പാടില്ലാത്തതാണ്. എന്നാൽ ഡ്രൈവർമാർക്ക് ഇത് ബാധകമല്ല.

5) മേലധികാരിയുടെ സമ്മതത്തോടെ സംസ്ഥാനത്തിന് പുറത്ത് യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് മേൽ യാത്രാബത്ത പരിധികൾ ബാധകമല്ല

6) മേലധികാരികൾ പ്രതിമാസ/ത്രൈമാസ യാത്രാബത്ത പരിധി റ്റി.എ. ബില്ലിൽ അധികരിച്ചിട്ടില്ല എന്ന് ഉറപ്പ് വരുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

09.09.2016 തീയതിയിലെ ജി.ഒ.(പി) 137/2016/ഫിൻ നമ്പർ ഉത്തരവ് പ്രകാരം യാത്രാബത്ത പരിധി പുനർ നിശ്ചയിച്ചത് ചീഫ് എക്സിക്യൂട്ടീവിന്റെ മേൽ ഉത്തരവ് പ്രകാരം ബോർഡിലും പുനർ നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ ബോർഡിനു കീഴിലുള്ള എല്ലാ ജില്ലാ /സബ് ഓഫീസുകളിലേയ്ക്കും ഉത്തരവ് സർക്കുലേറ്റ് ചെയ്യുന്നു.

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ് (ഇൻ ചാർജ്ജ്)

സ്വീകർത്താവ്

എല്ലാ ജില്ലാ കമ്മിറ്റി ചെയർമാന്മാർക്കും / പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ചെയർമാനും

പകർപ്പ്

ഫൈനാൻസ് ഓഫീസർ
അക്കൗണ്ട്സ് ഓഫീസർ(ഡബ്ല്യു & ഇ),(പി&എ), (ഐ.എ)
ജൂനിയർ സൂപ്രണ്ട് (എല്ലാ സെക്ഷനുകളിലും)
ബിൽ/എസ്.എഫ് സ്പെയർ

//ഉത്തരവിൻ പ്രകാരം//
ജൂനിയർ സൂപ്രണ്ട്

KERALA HEADLOAD WORKERS WELFARE BOARD ☆ ERNAKULAM